# രാഷ്ട്രീയതയുടെ പുനരാവിഷ്കരണം

നിസാർ അഹമ്മദ്

ഈ വിഷയത്തെപ്പറ്റി വളരെ ക്രമപ്പെടുത്തിയിട്ടുള്ള ഒരു സിദ്ധാന്തമൊന്നും അവതരിപ്പിക്കാനല്ല ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷിൽ കൊടുത്തിട്ടുള്ള വിഷയം Reinventing the political എന്നാണ്. ഒരു പുനരാവിഷ്ക്കരണത്തിന്റെ സ്വഭാവമുണ്ട് ഇതിന്. political എന്നുള്ളത് നമ്മൾ എപ്പോഴും invent ചെയ്തുകൊണ്ടിരിക്കുന്നതാണ്. സാമൂഹികമായ ക്രമീകരണത്തെക്കുറിച്ച് ഉത്കണ്ഠയില്ലാത്തതായി ആരുമില്ല. അതുകൊണ്ട് എല്ലാവരും രാഷ്ട്രീയമുള്ളവരാണ്. നമ്മൾ പ്രവർത്തിച്ചുപോരുന്ന കുറേ സമീപനങ്ങളുടെയും മനോഭാവങ്ങളുടെയുമൊക്കെ പുനരാവിഷ്ക്കരണത്തിനുവേണ്ടിയുള്ള സന്ദർഭമായി ഇതെടുക്കണമെന്നഅർത്ഥത്തിലാണ് reinventing എന്നുപയോഗിച്ചത്.

രാഷ്ട്രീയതയുടെ പുനരാവിഷ്ക്കാരം എന്നാണ്, രാഷ്ട്രീയസിദ്ധാന്തത്തിന്റെ പുനരാവിഷ്ക്കരണമല്ല. രാഷ്ട്രീയമെന്നാലെന്താണ്? നമ്മുടെ ജീവിതത്തിന്റെ ഭാഗം, എന്നുവെച്ചാൽ സാമൂഹികജീവിതത്തിന്റെ ഒരു ഭാഗമാണ്. അത് അങ്ങനെതന്നെ ഉണ്ടായാൽപ്പോരേ? എന്തിനാണു പുനരാവിഷ്ക്കരിക്കുന്നത്? അതിനുള്ള നീതീകരണമല്ല, വിശദീകരണമാണ് ആവശ്യം. രാഷ്ട്രീയമായ പുനരാവിഷ്കരണം അല്ലെങ്കിൽ രാഷ്ട്രീയത്തെപ്പറ്റിയുള്ള ഒരു പുനർചിന്തനം നമുക്കാവശ്യമായി വരുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണ്? ഇന്നത്തെ രാഷ്ട്രീയ സൈദ്ധാന്തികരും രാഷ്ട്രീയമീമാംസയിൽ ഗവേഷണം നടത്തുന്നവരും കുറച്ചുകാലമായി ഉന്നയിക്കുന്ന പ്രശ്നം ആഗോളവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രീയം എന്നത് പുനർനിർവചിക്കപ്പെടേണ്ടതിന്റെ ആവശ്യകതയാണ്. ഇങ്ങനെ ഉന്നയിക്കുമ്പോൾ സ്റ്റേറ്റിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും പ്രശ്നമെന്ന നിലയ്ക്കാണു നോക്കിക്കാണുന്നത്. ആഗോളമായ സാഹചര്യത്തിൽ സ്റ്റേറ്റിന്റെ അധികാരത്തിനുനേരേ വരുന്ന വെല്ലുവിളി എങ്ങനെ സൈദ്ധാന്തികമായി വിശദീകരിക്കണമെന്നുള്ള അർത്ഥത്തിൽ. ഇവിടെ അതല്ല ഉദ്ദേശിക്കുന്നത്. ആഗോളമാറ്റങ്ങൾക്കൊക്കെ മുമ്പുതന്നെ സാമൂഹികജീവിതത്തിൽനിന്ന് രാഷ്ട്രീയമെന്നത് അപ്രത്യക്ഷമാവുകയോ സങ്കുചിതാർത്ഥത്തിലേക്കു സങ്കോചിക്കുകയോ സ്ഥാപനങ്ങൾ തമ്മിലും മനുഷ്യർക്കിടയിലുമുള്ള ബന്ധങ്ങളിലന്തർഭവിച്ചിട്ടുള്ള ശക്തിയെ വിസ്മരിക്കുംവിധം ശോഷിക്കുകയോ ചെയ്തിട്ടുള്ള അവസ്ഥയിൽ എന്താണ് രാഷ്ട്രീയമെന്നു ചോദിക്കാൻ നമ്മളൊക്കെ ബാധ്യസ്ഥരാണ്.

മർമ്മത്തിൽ എന്താണു രാഷ്ട്രീയം? സാമൂഹികജീവിതത്തിന് സാംസ്കാരികം, സാഹിത്യപരം, കലാപരം തുടങ്ങി നിരവധി മുഖങ്ങളുണ്ട്. രാഷ്ട്രീയമെന്നത് എന്തിനെയാണു കുറിക്കുന്നത്? എങ്ങനെയാണതിനു നമ്മൾ അർത്ഥം കൊടുക്കുന്നത്? സാമൂഹ്യനീതി? അതുപക്ഷേ, വ്യക്തമല്ല. അക്കാദമികമായ ഉത്തരം കണ്ടെത്തണമെന്നതല്ല പ്രധാനം. ഒരുത്തരം നല്കാൻ നാം സന്ദേഹിക്കുന്നത് നല്കപ്പെട്ടിട്ടുള്ള അർത്ഥം വളരെ സങ്കുചിതമായതിനാലാവാം. രാഷ്ട്രീയമെന്നു പറയുമ്പോൾ കക്ഷിരാഷ്ട്രീയമാണ് പരക്കെ വിവക്ഷിക്കപ്പെടുന്നത്. ഒരു പാർട്ടിയിലും ചേരാത്ത, അവയുടെ വീക്ഷണങ്ങളിൽ വിശ്വസിക്കാത്ത ആൾ അരാഷ്ട്രീയവാദിയാണെന്നു കരുതപ്പെടുന്നു. രാഷ്ട്രീയമെന്നതിനുള്ള നിശ്ചിതാർത്ഥത്തിലാണല്ലോ അങ്ങനെ പറയുന്നത്. എന്താണ് രാഷ്ട്രീയം? രാഷ്ട്രീയമെന്താണെന്നു ചിന്തിക്കുന്നതിൽനിന്നു നമ്മളെ തടയുന്നത് ഒരുപക്ഷേ,

2003 ഒക്ടോബർ 2, 3, 4 തീയതികളിൽ കാലടിയിൽവച്ച് Reinventing the Political എന്ന വിഷയത്തെ ആസ്പദമാക്കിനടന്ന ശില്പശാലയിൽ നടത്തിയ പ്രഭാഷണത്തിൽനിന്ന്.

നാം പങ്കുവയ്ക്കുന്ന സാമാന്യധാരണകളാവാം. രാഷ്ട്രീയമെന്നതിനെപ്പറ്റി പുനർവിചിന്തനം നടത്താൻ ഇപ്പോഴതിനുള്ള അർത്ഥങ്ങളുടെ പശ്ചാത്തലം മതിയോ? അതോ വേറെയും പരിഗണനകൾ വേണോ? സ്റ്റേറ്റുമായി, തെരഞ്ഞെടുപ്പും രാഷ്ട്രീയപ്പാർട്ടികൾ അധികാരത്തിൽ വരുന്നതുമൊക്കെയായി, ബന്ധപ്പെട്ടതാണോ രാഷ്ട്രീയം? നിയമസഭ, നിയമനിർമ്മാണം എന്നിങ്ങനെ നമ്മളുമായി വളരെ വിദൂരമായി മാത്രം ബന്ധമുള്ള ഒരു മേഖല? വളരെ അടിസ്ഥാനപരമായ ഒരു ചോദ്യമാണിത്. എവിടെയാണു നാം തൊടുന്നത്? സാംസ്കാരികം, സാമൂഹികം, സാമ്പത്തികം തുടങ്ങിയതൊക്കെ ഇങ്ങനെ നിർവചിക്കാം. എന്താണു രാഷ്ട്രീയത്തിന്റെ സവിശേഷത?

മറ്റു മനുഷ്യവ്യക്തികൾ, സ്ഥാപനങ്ങൾ, സാഹചര്യങ്ങൾ എന്നിവയോടൊക്കെയുള്ള ഓരോരുത്തരുടെയും നിലപാടുകളുടെ ഒരു മാനമാണ് രാഷ്ട്രീയം. മതപരം എന്നു പറയുമ്പോഴും ഇതുപോലെ നിലപാടുണ്ടാവും. വേറെ ആളുകളുമായുള്ള ബന്ധത്തിൽ, ഒരാൾ നമ്മുടെ കൂട്ടത്തിലുള്ള ആളാണ് എന്നു പറയുമ്പോൾ ഒരു നിലപാടുണ്ട്. മതപരം എന്നു പറയുന്നതു രാഷ്ട്രീയമാണോ? അതു തന്നെയാണോ രാഷ്ട്രീയം? അധികാരം എന്നു പറഞ്ഞു. മറ്റു മനുഷ്യരുമായിട്ടുള്ള ബന്ധങ്ങളാണല്ലോ അധികാരം എന്നു പറയുന്നത്. അധികാരം എവിടൊക്കെ വരാം? ഒരു കുഞ്ഞും അമ്മയും തമ്മിലുള്ള ബന്ധത്തിൽ രാഷ്ട്രീയമുണ്ടോ? അധികാരം അതിലുള്ളടങ്ങിയിട്ടുണ്ടല്ലോ, അതു ചെയ്യരുത്, ഇതു ചെയ്യരുത് എന്നൊക്കെപ്പറയുമ്പോൾ. അല്ലെങ്കിൽ, ആ കുട്ടിയുടെ സമ്മതമില്ലാതെ വായിൽ ഭക്ഷണം കുത്തിക്കയറ്റുന്നതിൽ. അത് രാഷ്ട്രീയമല്ലേ? ഇത് രാഷ്ട്രീയത്തെ നോക്കിക്കാണുന്ന വ്യത്യസ്തമായ രീതിയാണ്. മനുഷ്യരുമായി ബന്ധപ്പെട്ട് അധികാരം എവിടെയൊക്കെ വരുന്നോ അതൊക്കെ രാഷ്ട്രീയമാണ്. എന്നുവച്ചാൽ എല്ലാം രാഷ്ട്രീയമാണ്. എല്ലാം എന്നു പറയാൻ പറ്റില്ല. ബന്ധങ്ങളുടെ എല്ലാ മാനങ്ങളും എന്നു പറയാം. സ്നേഹത്തിന്റെ രാഷ്ട്രീയം ഉണ്ടോ? ഞാനൊരാളെ സ്നേഹിക്കുന്നത് രാഷ്ട്രീയമാണോ? ഈ പറഞ്ഞതിലൊക്കെ അന്തർഭവിച്ചിട്ടുള്ളതാണ് രാഷ്ട്രീയം. സ്ത്രീപുരുഷബന്ധത്തിന് രാഷ്ട്രീയമാനമുണ്ട്. അതിൽ ശക്തിയുണ്ട്. രാഷ്ട്രീയത്തെ പുനരാവിഷ്കരിക്കുക എന്നാൽ പണ്ടത്തെ രാഷ്ട്രീയമൊക്കെ പോയി ഇന്നതു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, അതു വീണ്ടെടുക്കേണ്ടതുണ്ട് എന്ന നിലയ്ക്ക് മനസ്സിലാക്കുന്നവരുണ്ടാകാം. കുറേക്കൂടി വിശാലവും സങ്കീർണവുമായാണ് നമ്മളിവിടെ പുനർവിചന്തനം ചെയ്യുന്നത്.

അധികാരം മനുഷ്യബന്ധങ്ങിലെല്ലാമുള്ള ഒന്നാണെന്ന അർത്ഥത്തിൽ മനുഷ്യജീവിതത്തിന്റെ മൗലികാംശമാണെന്നു പറയാം. ഒരു താരതമ്യത്തിനുവേണ്ടി അരിസ്റ്റോട്ടിൽ രാഷ്ട്രീയത്തെ കാണുന്നതെങ്ങനെയാണെന്നു നോക്കാം. അതു സ്വീകരിക്കാൻ വേണ്ടിയല്ല, വ്യത്യാസം കാണാനായി. രണ്ടായിരം കൊല്ലംമുമ്പ് അരിസ്റ്റോട്ടിൽ പറഞ്ഞത് ഈ വാക്ക് വന്നത് പഴയ ഗ്രീക്ക് ചിന്തയിൽ നിന്നാണെന്നാണ്. polis എന്നു പറഞ്ഞാൽ ഒരു നാഗരിക വ്യവസ്ഥയാണ്. അതിലുള്ള ക്രയവിക്രയങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിന്റെ ഒരു ഭാഗമെന്ന നിലയ്ക്കാണ് രാഷ്ട്രീയത്തെ നിർവചിക്കുന്നത്. അരിസ്റ്റോട്ടിൽ പക്ഷേ, മനുഷ്യർ എന്നതിൽ സ്ത്രീകളെയും അടിമകളെയും ഉൾപ്പെടുത്തുന്നില്ല. സ്വതന്ത്ര മനുഷ്യന്മാരെ മാത്രമേ ഉൾപ്പെടുത്തുന്നുള്ളൂ. ഇങ്ങനെയുള്ള മനുഷ്യന്മാർ അവരുടെ ക്രയവിക്രയങ്ങളിൽ തീരുമാനമെടുക്കുന്നതു സംബന്ധിച്ചിള്ളതാണ് രാഷ്ട്രീയം. ഇതിൽ നിന്നെത്ര വ്യത്യസ്തമാണ് ആദ്യം പറഞ്ഞ നിർവചനമെന്നു നോക്കൂ. അതനുസരിച്ച് മനുഷ്യബന്ധങ്ങളിൽ തീർത്തും സ്വകാര്യമായ സാഹചര്യങ്ങളിലും വളരെ സങ്കീർണ്ണമായ പൊതുസാഹചര്യങ്ങളിലുമൊക്കെ വ്യാപരിക്കുന്ന ഒന്നായിട്ടാണ് രാഷ്ട്രീയം കണക്കാക്കപ്പെടുന്നത്.

മനുഷ്യർക്കിടയിലെ പരസ്പരബന്ധങ്ങൾ സ്ഥാപനങ്ങളിലൂടെയുള്ളതാണ്. ഏതെങ്കിലുമൊരാവശ്യത്തിനുവേണ്ടി മനുഷ്യർ തുടർച്ചയായി ബന്ധപ്പെടുമ്പോഴാണ് ഒരു സ്ഥാപനമുണ്ടാവുന്നത്. അതിന്റെ ക്രമീകരണം ഇപ്പോഴുള്ളതുപോലെ തുടരണമോ അതോ അതിൽ മാറ്റം വരുത്തണമോ എന്നതിലൊക്കെ അധികാരം എന്ന പ്രശ്നമുണ്ട്. മനുഷ്യബന്ധങ്ങളിലെ അധികാരവുമായി ബന്ധപ്പെടുത്തി രാഷ്ട്രീയത്തെ കാണുമ്പോൾ പരമ്പരാഗതമായ മനസ്സിലാക്കലിൽനിന്നും മാറിച്ചിന്തിക്കണം. അധികാരം എന്ന സങ്കല്പം എത്രകണ്ടു വ്യക്തമാണ്? ബലം, അധികാരം, ശക്തി എന്നതൊക്കെ വേറെ വേറെ സങ്കല്പങ്ങളാണ്. അധികാരം എന്നത്, 'അധികരിക്കുന്ന'താണ്, അഥോറിറ്റിയുമായി ബന്ധപ്പെട്ടത്. അധികരണസ്വഭാവമുള്ളത്. ശക്തി (power) അങ്ങനെയായിരിക്കില്ല. ഞാൻ ഒരു സാധനം ഉന്തിക്കഴിഞ്ഞാൽ അതു നീങ്ങുന്നത് അധികരണ സ്വഭാവമുള്ളതല്ല. ബലം (force) എന്നാൽ ഇതിൽനിന്നൊക്കെ വ്യത്യസ്തമാണ്. ഒരു കുട്ടിയെ തീറ്റിക്കുമ്പോൾ അമ്മ ബലം ചെലുത്തുന്നതിനെ ശക്തിയെന്നോ അധികാരമെന്നോ വിളിക്കുമ്പോൾ നമ്മൾ കോംപ്രമൈസ് ചെയ്യുന്നുണ്ട്. അധികാരഘടനയല്ല അത്. അങ്ങനെ വേണമെങ്കിൽ വ്യാഖ്യാനിക്കാം. അങ്ങനെയാവണമെന്നില്ല. സങ്കല്പനപരമായി ഇവയൊക്കെ തമ്മിൽ വ്യത്യാസമുണ്ട്.

ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ രാഷ്ട്രീയം എന്ന പ്രശ്നത്തെപ്പറ്റി ചിന്തിച്ചവരിൽ പ്രമുഖനാണ് ഇസയ്യ ബർലിൻ. രാഷ്ട്രീയത്തിന്റെ അതിപ്രധാനമായ ഒരു മാനം അദ്ദേഹം എടുത്തു പറഞ്ഞു. രാഷ്ട്രീയത്തെപ്പറ്റിയുള്ള ചിന്തകൾ ലളിതമായ ഒരു ചോദ്യത്തിലേക്ക് ചെന്നെത്തുമെന്നാണദ്ദേഹം പറയുന്നത്. ഞാൻ എന്തിനനനുസരിക്കണം? ഈ ചോദ്യവും ഉത്തരവുമൊക്കെയായിരിക്കും രാഷ്ട്രീയം എന്നത്. അനുസരിക്കുക എന്നതുമായി ബന്ധപ്പെട്ടുള്ളതാണ് രാഷ്ട്രീയം. ചില ചട്ടങ്ങളനുസരിക്കാൻ നാം തയ്യാറാവുന്ന കാര്യം ചിന്തിച്ചു നോക്കുക. പ്രവർത്തനം, പ്രതിപ്രവർത്തനം എന്ന രീതിയിലാണ് മനുഷ്യർ പരസ്പരബന്ധം പുലർത്തുന്നത്. അങ്ങനെ ചട്ടങ്ങളനുസരിക്കുമ്പോൾ പരസ്പരം അനുസരിക്കുന്ന സന്ദർഭങ്ങൾ വരും. ആ മുഹൂർത്തങ്ങളിലൊക്കെ ചോദിക്കാവുന്ന പ്രസക്തമായ ചോദ്യമാണ് ഞാനെന്തിനനുസരിക്കണമെന്നുള്ളത്. എന്തിനനുസരിക്കുന്നുവെന്നതിന് നമ്മളൊരുത്തരം പറയുമ്പോൾ, ആ ഉത്തരമാണ് രാഷ്ട്രീയവീക്ഷണം.

മനുഷ്യബന്ധങ്ങളുടെ ക്രമീകരണത്തിന് ഉദാഹരണമായി, അധ്യാപകവിദ്യാർത്ഥി ബന്ധമോ മുതലാളി-തൊഴിലാളി ബന്ധമോ നോക്കാം. സ്ഥിരമായ പടുതികളുള്ള ചില

പ്രവർത്തനങ്ങളിലൂടെയാണ് നമ്മൾ പരസ്പരം ബന്ധപ്പെടുന്നത്. സ്ഥിരതയല്ല, അനുസ്യൂതി. ബന്ധപ്പെടലിന്റെ പ്രത്യേകരീതിയിലുള്ള അനുസ്യൂതിയെയാണ് നമ്മൾ ക്രമീകരണം എന്നു പറയുന്നത്. ഒരു ക്രയവിക്രയത്തിൽ ഞാൻ ഇങ്ങനെ ചെയ്യാം, അപ്പോൾ ഇങ്ങോട്ടിങ്ങനെ ചെയ്യണം, പിന്നീടു ഞാൻ വേറൊന്ന് ചെയ്യാം, നിങ്ങൾ വേറൊന്നു ചെയ്യണം എന്ന ക്രമീകരണമാണു കാണുക. എന്നുവച്ചാൽ നമ്മളൊരുമിച്ച് ഒരു കാര്യം ചെയ്യുകയല്ല ചെയ്യുന്നത്. അത്തരം ക്രമീകരണങ്ങളിൽ ശക്തി അന്തർഭവിച്ചിട്ടുണ്ട്. എന്തെന്നാൽ പരസ്പരമംഗീകരിക്കുകയാണ്, അനുസരിക്കുകയാണ്. സാമൂഹികമായ എല്ലാ ക്രമീകരണങ്ങളിലും ചട്ടങ്ങളനുസരിക്കുന്ന സ്ഥിതിവിശേഷമുണ്ട്. അതേസമയത്തുതന്നെ അതിലുള്ള മാറ്റങ്ങളെപ്പറ്റി intimations വരുന്നുണ്ടാവാം. അനുസരിക്കണമോ എന്നു ചോദിക്കുമ്പോൾ ക്രമീകരണങ്ങളിലെ മാറ്റങ്ങൾ ചിന്താവിഷയമാവാം. ഇപ്പോഴുള്ളതുപോലെ മതിയെന്നു പറയുന്നതും രാഷ്ട്രീയമാണ്. കാരണം അതിൽ ചട്ടങ്ങൾ അനുസരിക്കപ്പെടുന്നുണ്ട്. മയപ്പെടുത്തി പറഞ്ഞാൽ ചട്ടം പാലിക്കുന്നു. സംസാരിക്കുമ്പോൾ ഭാഷയിലെ ചട്ടങ്ങൾ നമ്മൾ പാലിക്കുന്നു. ചട്ടം ലംഘിച്ചാൽ പറയുന്നതു മനസ്സിലാവില്ല. ഭാഷ ആ അർത്ഥത്തിൽ രാഷ്ട്രീയമാണെന്നു പറയാം. മലബാറിലെ ആളുകൾ ഓൻ എന്നു പറയും. അപ്പോൾ തെക്കൻകേരളത്തിലെ ആളുകൾ എന്ത് "ഓനോ!" എന്നു പറയുമ്പോൾ രാഷ്ട്രീയം വന്നു. തെക്കൻ കേരളത്തിലെ ചട്ടമാണ് ശരിയായ ഉച്ചാരണം. അതു നിങ്ങൾ പാലിക്കുന്നില്ല. 'നീയല്ലല്ലോ ഭാഷയുണ്ടാക്കിയത്, ഞാൻ ഓൻ എന്നു തന്നെ പറയും' എന്നു പറഞ്ഞു കഴിഞ്ഞാൽ രാഷ്ട്രീയമായി.

ഞാനെന്തിനനുസരിക്കണമെന്ന ചോദ്യത്തിന് ഇസയ്യ ബർലിൻ നല്കുന്ന സൂചനകൾ നമുക്കു പിന്തുടർന്നു നോക്കാം. സമൂഹം പണിതീർന്ന ഒരു സത്തയായി നില്ക്കുന്നുണ്ട് എന്നു കരുതുകയാണെങ്കിൽ നമ്മൾ ഈ തരത്തിലല്ല ചോദിക്കുക. സമൂഹം തന്നെ നിർമിതമാവുന്നതെങ്ങനെയാണ്? ഞാനുംകൂടി സംഭാവനയർപ്പിച്ചിട്ടാണ് സമൂഹമുണ്ടാകുന്നത്. എന്റെ ഉണ്മ (being) അവിടെ കൊടുക്കുന്നതിലൂടെയുണ്ടാകുന്നതാണ് സാമൂഹികജീവിതം എന്നുള്ളതുകൊണ്ട് എന്തിനനുസരിക്കണം എന്നത് നിർണ്ണായകമായ ചോദ്യമാണ്. രാഷ്ട്രീയത്തെ എങ്ങനെ പുനരാവിഷ്ക്കരിക്കുമെന്ന ചോദ്യമല്ല ചോദിക്കേണ്ടത്. പരമ്പരാഗതമായുള്ള ചോദ്യങ്ങളോട് പരാങ്മുഖത്വം കാണിച്ച്, ഒന്നു പിൻവാങ്ങി രാഷ്ട്രീയത്തിന്റെ പുനരാവിഷ്കരണത്തെപ്പറ്റി ചർച്ച ചെയ്യുകയാണ് വേണ്ടത്.

പരമ്പരാഗതമായ അർത്ഥത്തിലല്ലാതെ രാഷ്ട്രീയം എന്നുള്ളതിന്റെ വിവക്ഷകൾ പരിഗണിക്കുമ്പോൾ പ്രധാനമാവുന്ന കാര്യം ദൈനംദിന ജീവിതത്തിൽ മറ്റു മനുഷ്യരുമായുള്ള ബന്ധങ്ങളിൽ അമൂലാഗ്രമുള്ള ഒരു സാന്നിദ്ധ്യമായതിനെ കാണുക എന്നതാണ്. സ്ഥൂലമായ തലത്തിൽ ഇന്ന് രാഷ്ട്രീയം എന്നത് നമ്മൾ മുമ്പാലോചിച്ചിട്ടില്ലാത്ത മാനത്തിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗതമായ അർത്ഥത്തിൽ രാഷ്ട്രീയം ഭൂമിശാസ്ത്രപരമായ പരിധിയ്ക്കകത്തുള്ള ഒരു ജനതയുമായി ബന്ധപ്പെട്ട അധികാരം എന്ന നിലയ്ക്കാണ് മനസ്സിലാക്കപ്പെടുന്നത്. ആഗോളവൽക്കരണത്തിന്റെ അന്തരീക്ഷത്തിൽ ഇത്തരം തീരുമാനമെടുക്കലുകളും നടപ്പാക്കലുകളുമൊക്കെ ദേശങ്ങളുടെ പരിധികൾക്കു പുറത്ത് നടന്നുകൊണ്ടിരിക്കുകയാണ്. വിദൂരസ്ഥലത്തെ മൂലധനവും അദ്ധ്വാനവും സാധനങ്ങളുമൊക്കെ വേറൊരു രാജ്യത്തേയ്ക്കു പോവുന്നതിന്റെ വേഗം വളരെ കൂടിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയത്തിന്റെ മണ്ഡലം ദേശാതിർത്തികൾ അതിക്രമിച്ചിരിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ സ്ഥൂലമായ തലത്തിൽ രാഷ്ട്രീയം എന്താണെന്ന് പുനരാവിഷ്കരിക്കേണ്ട സ്ഥിതിയുണ്ട്.

സൂക്ഷ്മമായ തലത്തിൽ, നേരത്തെ പറഞ്ഞതുപോലെ, മനുഷ്യബന്ധങ്ങളിലെ അധികാരത്തിൽ ഉൾച്ചേർന്നതാണ് രാഷ്ട്രീയമെങ്കിൽ, പരമ്പരാഗത വീക്ഷണങ്ങൾക്കപ്പുറമുള്ള പ്രവിശ്യകളിലേക്ക് രാഷ്ട്രീയം നീങ്ങിയിട്ടുണ്ട്. പണ്ട് രാഷ്ട്രീയം എന്നു വിശേഷിപ്പിക്കാൻ പറ്റിയിരുന്നിട്ടില്ലാത്ത മേഖലകളിലേക്ക്-സ്ത്രീ പുരുഷബന്ധം, കുടുംബം തുടങ്ങിയവ ഉദാഹരണം- അതു വ്യാപിക്കുന്നു. പരമ്പരാഗതമായി രാഷ്ട്രീയ പ്രവർത്തനത്തിന്റെ ലക്ഷ്യം, രീതികൾ, അജണ്ടകൾ, കർതൃത്വസ്വഭാവം തുടങ്ങിയവയെപ്പറ്റിയൊക്കെ നിലനിന്നിട്ടുള്ള സങ്കല്പങ്ങൾ മാറ്റിമറിക്കുന്ന പലതും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഐഡന്റിറ്റി പൊളിറ്റിക്സ് എന്നു പറയുന്ന കാര്യം വളരെയധികം പ്രാന്തവത്കൃതരായ ഗ്രൂപ്പുകൾ അവരുടെ ഭൗതികവും സാംസ്കാരികവുമായ ദാരിദ്ര്യത്തെ നേരിട്ട് സംസാരിക്കാനുള്ള ശേഷി ഉണ്ടാക്കുന്നതിന്റെ ആവിഷ്കാരമാണ്. ഇത് രാഷ്ട്രീയത്തിന്റെ പുനർനിർവചനം ആവശ്യമാക്കിയിട്ടുണ്ട്. രാഷ്ട്രീയം എന്നാൽ മറ്റു പലതും കൂടിയാണെന്ന് മുഖ്യധാരയെ ധരിപ്പിക്കുവാനതിനാവുന്നു.

മുഖ്യധാരാ ചിന്താപദ്ധതികളും സാമഗ്രികളും കാലഹരണപ്പെടുകയോ മർദ്ദകമായി മാറുകയോ ചെയ്തതിനാൽ അവ നമ്മെ ചില കാര്യങ്ങൾ കാണാനനുദിവക്കുന്നില്ല. അതിന്റെ ഭാഷയിലൂടെ ആവിഷ്ക്കരിക്കാൻ കഴിയാത്ത ഒരുപാടു കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ വന്നുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ രാഷ്ട്രീയതയുടെ പുനരാവിഷ്കരണം എന്നത് ഒരർത്ഥത്തിൽ നിലനില്ക്കുന്ന രാഷ്ട്രീയ സമീപനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ചിന്താസാമഗ്രികളുടെയുമൊക്കെ പുനർനിർണ്ണയവും വിമൃഷ്ടി (critique)യും കൂടിയായിരിക്കും. തീർത്തും അപ്രതീക്ഷിതവും പുതുതുമായ ജീവിത സാഹചര്യങ്ങൾ ആവിഷ്ക്കരിക്കാൻ പുതിയ മാർഗ്ഗങ്ങൾ തേടേണ്ടിവരും. ആ സാഹചര്യങ്ങൾക്ക് ചരിത്രപരവും സാമൂഹ്യവുമായ കാരണങ്ങളുണ്ടാവാം. അതു വേറൊരു കാര്യം. രാഷ്ട്രീയ ശാസ്ത്രജ്ഞന്മാർ ആനുഭവികമായ വിവരശേഖരത്തിനു മേൽ അപഗ്രഥനം നടത്തി ചില വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നല്കും, രാഷ്ട്രീയസ്ഥിതിയെപ്പറ്റി. നമ്മൾ പറയുന്ന രാഷ്ട്രീയം അത്തരം ആനുഭവികാപഗ്രഥനങ്ങൾക്കു വഴങ്ങാത്ത ഒന്നാണ്. ഞാനെന്താണു ചെയ്യേണ്ടത് എന്ന് ഒരു പൊളിറ്റിക്കൽ സയന്റിസ്റ്റിനു പറയാൻ പറ്റില്ല. തീരുമാനങ്ങളെടുക്കുന്ന സമയത്ത് തീരുമാനമെടുക്കാൻ നിയതമായ ഒരു രീതിയും ഇല്ല എന്ന തിരിച്ചറിവാണ് രാഷ്ട്രീയതയെ മനസ്സിലാക്കാനുള്ള ആദ്യത്തെ ഉപാധി. ഇങ്ങനെ തീരുമാനമെടുക്കുന്നതിന് ഗണിതശാസ്ത്രപരമായ കൃത്യതയുള്ള രീതികളും നടപടിക്രമങ്ങളും നിലനില്ക്കുന്നുണ്ടെന്നു ധരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല.

രണ്ടു മനുഷ്യർക്കിടയിലെ ബന്ധത്തിൽ എന്താണ് ശക്തി (power) എന്നു പറയുന്നത്? ഒരാൾ മറ്റൊരാളുടെ ചെയ്തികളെ മാറ്റാൻ ശ്രമിക്കുകയും മറ്റെയാൾ മാറ്റാനായി അനുവദിക്കുകയും ചെയ്യുന്നതിലാണ് ശക്തി കാണാൻ കഴിയുക. അതിനെയാണ് നമ്മൾ രാഷ്ട്രീയം എന്നു പറയുന്നതെങ്കിൽ ഈ മാറ്റിത്തീർക്കലിൽ ഗണിതശാസ്ത്രപരമായ കൃത്യതയില്ല. ഉപകരണാത്മകം കൂടിയല്ല, അത്. ഇന്നത് ചെയ്താൽ ഇന്ന ഫലമുണ്ടാവും എന്ന കൃത്യമായ കണക്കുകൂട്ടലല്ല. ആളുകൾ ഉദ്യുക്തരാവുകയാണ്. ചെയ്യാൻ തയ്യാറാവുകയാണ്. ഈ സമർപ്പണ(commital)ത്തിൽ ശാസ്ത്രീയമോ ഗണിതശാസ്ത്രപരമോ ആയി ഒന്നുമില്ല. ആനുഭവികമായും ഒന്നുമില്ല. അങ്ങനെ തീരുമാനമെടുക്കുന്നതിൽ ശക്തി പ്രയോഗമുണ്ട്. മറ്റു മനുഷ്യരെ ബാധിക്കുന്ന തീരുമാനത്തിൽ മതമോ ജാതിയോ സാമ്പത്തികവ്യവസ്ഥയോ ചിന്താപദ്ധതികളോ ഒന്നുംതന്നെ കൃത്യമായ ഉത്തരം തരാത്ത സന്ദർഭമാണത്. കൃത്യമായ ഉത്തരം തരുന്നത് ഹിംസാത്മകമായ ഒന്നാവും. മുൻകൂർ തയ്യാറാക്കപ്പെട്ട ഉത്തരമില്ല എന്നതാണ് രാഷ്ട്രീയത്തിന്റെ പുനരാവിഷ്കരണം എന്ന ചോദ്യത്തെ പ്രയാസകരമാക്കി മാറ്റുന്നത്.

അക്കാദമിക്കലായാലും രാഷ്ട്രീയ പ്രയോഗികരംഗത്തായാലും നമ്മളുടെമേൽ വളരെ വ്യക്തവും ഫലപ്രദവുമാവാനുള്ള സമ്മർദ്ദം എപ്പോഴുമുണ്ട്. ഇതു വെറും വാചകമടിയാണ്, ഇതുകൊണ്ടൊന്നും കാര്യമില്ല, എന്തെങ്കിലും ചെയ്യാനുള്ളതു പറയൂ എന്ന തരത്തിലുള്ള സമ്മർദ്ദങ്ങളുടെ ഇടയിലാണ് ഞാൻ സംസാരിക്കുന്നത്. ഈ സമ്മർദ്ദങ്ങളുടെ മുന്നിൽ നമുക്ക് ഇങ്ങനെയൊക്കെ ചെയ്യാം എന്നു തീരുമാനമെടുക്കുന്നതിന് മുമ്പായി, കുറച്ചു നേരത്തേക്ക് തീരുമാനമെടുക്കുക എന്നുള്ളതിന്റെ തത്വം തന്നെ എന്താണ്, നമ്മൾ ആരാണ്, സമൂഹ്യജീവിതത്തിനെങ്ങനെയാണ് അർത്ഥമുണ്ടാവുന്നത് തുടങ്ങിയ കാര്യങ്ങളിൽ കണ്ണുവെക്കാം. പ്രൊഡക്ടീവ് ആയിട്ടുള്ള, പ്രൊഡക്ടീവ് ആവാനും ഫലങ്ങളുണ്ടാക്കാനും നിർബന്ധിക്കുന്ന ഒരു സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈ മനഃസ്ഥിതിയെ ചോദ്യം ചെയ്തുകൊണ്ടു മാത്രമേ കാതലായ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുകയുള്ളൂ. മനഃസ്ഥിതി എന്നു പറയുന്നത് ജന്മനാ ഉള്ളതല്ല. നമ്മളതിൽ പരിശീലിക്കപ്പെടുകയും പരുവപ്പെടുകയും നിർമ്മിക്കപ്പെടുകയുമാണ്. പുനരാവിഷ്ക്കരിക്കണമെങ്കിൽ മനഃസ്ഥിതിയെ മറികടക്കണം.

രാഷ്ട്രീയത്തിന്റെ അനിർണ്ണീതമായ അവസ്ഥ മനസ്സിലാക്കാതെ എങ്ങനെ പുനരാവിഷ്കരിണമെന്ന ഒരു സിദ്ധാന്തവുമായി നാം വന്നാൽ ഒരുപാടു ഹിംസകൾക്കും മർദ്ദനങ്ങൾക്കും ന്യായീകരണമേകുന്ന ഒരു ചിന്താപദ്ധതിയായി അതു മാറും. ഈ അപകടം എപ്പോഴുമുണ്ട്. ഒരു ചിന്താപദ്ധതിയും ഹിംസയുടെയും ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും ദൂരീകരണത്തിനുള്ള ഗ്യാരണ്ടിയല്ല. ഒരുപാട് ഹിംസകളിലൂടെ കടന്നുപോയിട്ടുള്ളതാണ് മനുഷ്യസമൂഹങ്ങൾ. മാനവികമെന്നും മർദ്ദനവിരുദ്ധമെന്നും കീർത്തികേട്ട പല ആശയങ്ങളും ജനങ്ങളെ അടിച്ചമർത്താനായി ഉപയോഗിക്കപ്പെട്ടത് നമുക്കറിയാം. അതുകൊണ്ടുതന്നെ ആശയങ്ങൾക്കു നമ്മെ രക്ഷിക്കാനാവുമെന്ന് യാതൊരു ഗ്യാരണ്ടിയുമില്ല. ജീവിതവീക്ഷണമോ സിദ്ധാന്തമോ ഇല്ല എന്നതല്ല നമ്മുടെ പ്രശ്നം. അതായിരുന്നെങ്കിൽ മറ്റൊരു സിദ്ധാന്തം കൊണ്ടുവന്നു പരിഹരിക്കാം. പുനരാവിഷ്കരണത്തിന്റെ സാംഗത്യം അനിർണ്ണീതത്വവുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് ഞാൻ നേരത്തേ പറഞ്ഞത് അവ്യക്തമാണെങ്കിൽ, അത് അവ്യക്തമായിത്തന്നെയിരിക്കട്ടെ. നമ്മളതു വ്യക്തമാക്കാൻ ശ്രമിക്കരുത്. അങ്ങനെ ശ്രമിക്കുമ്പോൾ അതിൽനിന്നും അകന്നുപോവുകയേ ഉള്ളു. സിദ്ധാന്തങ്ങൾക്ക് അപ്രമാദിത്വമുള്ളതുപോലെ നമ്മൾ പെരുമാറിയാൽ രാഷ്ട്രീയമെന്നതിനെ സംബന്ധിച്ച തെറ്റിദ്ധാരണയാവുമതുണ്ടാക്കുക. മനുഷ്യവീക്ഷണങ്ങളും ദർശനങ്ങളും കൃത്യതയോടുകൂടി പറയാൻ പറ്റാത്തവയാണ്. ഒന്നിനും തന്നെ കൃത്യതയോ അപ്രമാദിത്വമോ അവകാശപ്പെടാൻ സാധിക്കില്ല.

അവ്യക്തത (vagueness) എന്നു പറഞ്ഞത് കുറച്ചുകൂടി വിശദമാക്കാം. അനുഭവങ്ങളെ സംബന്ധിച്ച് അത് വ്യക്തമാണ് എന്നോ അവ്യക്തമാണ് എന്നോ ആരും പറയാറില്ല. പക്ഷേ, അത് ആവിഷ്കരിക്കുന്ന സമയത്ത് നമ്മൾ വളരെ കൃത്യമാവാൻ ഉത്സുകരാവുന്നു. അതിന്റെ സമ്പന്നത മുഴുവൻ വെട്ടിച്ചുരുക്കുകയാണ്. വെട്ടിച്ചുരുക്കാനാവാത്ത അതിന്റെ സ്വഭാവത്തോടുള്ള സംവേദനക്ഷമതയെയാണ് ഞാൻ അവ്യക്തം (vague) എന്നു പറഞ്ഞത്.

വ്യക്ത (clear) മാവുന്നതും കൃത്യ (exact)മാവുന്നതും തമ്മിൽ വ്യത്യാസമുണ്ട്. വെട്ടിച്ചുരുക്കാനാവാത്ത അനുഭവത്തെ അങ്ങനെ തന്നെ അംഗീകരിക്കുമ്പോൾ അത് അവ്യക്തമായിരിക്കും. പക്ഷേ, ആ സാഹചര്യത്തോട് കൂടുതൽ കൃത്യതയോടെ അടുത്തുവരാൻ നമുക്കാവും. വാക്കുകളിലോ സ്ഥിതിവിവരപ്പട്ടികകളിലോ പ്രതിനിധാനം ചെയ്യുമ്പോഴാണ് വ്യക്തത വരുന്നത്. ഈ പ്രതിനിധാനമാണ് വ്യക്തമോ അവ്യക്തമോ ആവുന്നത്. തീർത്തും സങ്കീർണ്ണമാണ് സാഹചര്യങ്ങളെങ്കിൽ അത് വ്യക്തമാക്കാൻ ശ്രമിക്കരുതെന്നാണ് ഞാൻ പറയുന്നത്. പൂർണ്ണമായും മനസ്സിലായിക്കഴിഞ്ഞ ഒന്നാണ് എന്ന മട്ടിൽ പ്രതിനിധാനത്തിനു മുതിരരുത്. അപ്പോൾ നിങ്ങൾക്കു കൃത്യത കൈവരിക്കാം. ശാസ്ത്രത്തിൽ അംഗീകരിച്ചിട്ടുള്ള ഒരു കാര്യം കൂടിയാണിത്. ന്യൂട്ടന്റെ ഫിസിക്സിന് കൂടുതൽ വ്യക്തതയുണ്ട്, അതുപക്ഷേ, കൃത്യമല്ല. വ്യക്തതയ്ക്കുവേണ്ടി എപ്പോഴും നാം കോംപ്രമൈസു ചെയ്യുന്നത് കൃത്യതയാണ്. ഉദാഹരണത്തിന് ഗണിതശാസ്ത്രപരമായി ഡിജിറ്റൽ ആയി നോക്കുമ്പോൾ എപ്പോഴും വ്യക്തത വരും, കൃത്യത വരില്ല. പല പ്രതിനിധാനങ്ങൾക്കും ഡിജിറ്റൽ സ്വഭാവമുണ്ട്. ന്യൂട്ടൻ തന്നെ ഇതു പറഞ്ഞിട്ടുള്ളതാണ്. ന്യൂട്ടന്റെ ഫിസിക്സ് ലോകത്തെന്താണു നടക്കുന്നത് എന്നതിനെ പിടിച്ചെടുക്കുന്നതല്ല, എന്താണു നടക്കുന്നതെന്നതിനെക്കുറിച്ചുള്ള ഒരു സൈദ്ധാന്തിക പ്രതിനിധാനമാണ്. അത് ആൾക്കാരുടെ സൗകര്യത്തിനു വേണ്ടിയുള്ളതാണ്. നമുക്കെന്താണു ചെയ്യേണ്ടത് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് സൈദ്ധാന്തിക പ്രതിനിധാനങ്ങളുണ്ടാകുന്നത്. അപ്പോൾ എന്താണ് ശരിക്കുമുള്ളതെന്ന് കൃത്യമായി കിട്ടണമെന്നില്ല. എന്താണുള്ളത് എന്നതിനെപ്പറ്റി സംസാരിക്കാനും അതിലിടപെടാനുമുള്ള മാർഗ്ഗമാണ് സിദ്ധാന്തം എന്നത്. ന്യൂട്ടന്റെ മെക്കാനിക്സിൽ സിദ്ധാന്തം വളരെ വ്യക്തമാണ്. പക്ഷേ, സബ് പാർട്ടിക്കിൾ ലോകത്തിലേക്കു

പോവുമ്പോൾ അത് തീർത്തും ഉപരിപ്ലവമായ സിദ്ധാന്തമാണ്. ഉപരിപ്ലവം എന്നു വച്ചാൽ കൃത്യതയില്ലാത്തത്. അപ്പോൾ വേറെ ചില മെത്തേഡുകൾ, പ്രോബബിലിറ്റി തുടങ്ങിയതു വികസിപ്പിച്ചു നോക്കി. അപ്പോഴും കൃത്യ (exact) മാവാൻ പറ്റുന്നില്ല. അതൊക്കെ പ്രകൃതിയുടെ കാര്യമെന്നു പറഞ്ഞു മാറ്റിവെക്കാം. രാഷ്ട്രീയം അങ്ങനെയല്ല. വളരെ ഗുരുതരമാണ് ഇക്കാര്യത്തിൽ വ്യക്തതയ്ക്കായി ശ്രമിച്ചാലുള്ള പ്രത്യാഘാതങ്ങൾ. എന്തു തരത്തിലുള്ള പ്രതിനിധാനവും ഇവിടെ നമ്മെ ഗണ്യമായും അടിസ്ഥാനപരമായും ബാധിക്കും. ഇത്തരം പ്രതിനിധാനങ്ങൾ നമ്മെ നയിക്കുകയും പ്രത്യേകതരത്തിലുള്ള ആളുകളാക്കി മാറ്റിത്തീർക്കുകയും ചെയ്യുന്നു. സംവേദനക്ഷമത പുലർത്തുക എന്നാൽ ഇത്തരം പ്രതിനിധാനങ്ങളെയും സിദ്ധാന്തങ്ങളെയും suspend ചെയ്യുക എന്നാണ്.

രാഷ്ട്രീയം തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്. അതിൽ അനിർണ്ണേയതയുള്ളതിനാൽ തീരുമാനമെടുക്കുന്നതിൽ ഒരുതരത്തിലുമുള്ള പ്രതിനിധാനമോ സിദ്ധാന്തമോ ഒരാളെ നയിക്കാൻ പാടില്ല. അതേസമയം നമുക്ക് തുടർന്നും തീരുമാനങ്ങളെടുക്കുകയും ചെയ്യേണ്ടതുണ്ട്. രാഷ്ട്രീയം എന്നത് തീർപ്പു കല്പിക്കാനാവാത്ത (undecidable)തല്ല. തീർപ്പുകളിലെത്തുന്നതാണ്. പക്ഷേ, എന്താണ് തീർപ്പു കല്പിക്കാവുന്നതായി ഉള്ളത് എന്നതാണ്. രാഷ്ട്രീയത്തിൽ, എന്താണു നടക്കുന്നത് എന്നതിനെ സംബന്ധിച്ച് നമുക്കൊരു പ്രതിനിധാനമുണ്ട്. അങ്ങനെയല്ലാതെ രാഷ്ട്രീയം സാധ്യമല്ല. ഈയർത്ഥത്തിൽ സിദ്ധാന്തത്തെ നമ്മൾ തെല്ലും പേടിക്കേണ്ടതില്ല. സിദ്ധാന്തമുക്തമായി ഒന്നുമില്ല. നമ്മൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലെല്ലാം സിദ്ധാന്തമുൾച്ചേർന്നിട്ടുണ്ട്. ഉദാഹരണത്തിന്, ഞാൻ നിങ്ങളോടു പേരു ചോദിക്കുന്നു. അതിൽ ഒരു സിദ്ധാന്തം, ഒരു സ്ഥാപനം ഉണ്ട്. പേരിടീൽ (naming) എന്ന സ്ഥാപനം. ആ രീതിയിൽ ഒരു സാഹചര്യത്തെ പ്രതിനിധാനം ചെയ്യുന്നില്ലെങ്കിൽ എനിക്കു പേരു ചോദിക്കാൻ കഴിയില്ല. എന്നുവച്ചാൽ അത്രയും ലളിതമായ കാര്യങ്ങളിലും സിദ്ധാന്തമുണ്ട്. സിദ്ധാന്തത്തെ അങ്ങനെ ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ല. അതേസമയം രാഷ്ട്രീയത്തെ പുനരാവിഷ്കരിക്കുമ്പോൾ സിദ്ധാന്തത്തെ എന്തുകൊണ്ട് മാറ്റിനിർത്തണം എന്നതിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. നിങ്ങളെന്തു ചെയ്യുമെന്നതിനെപ്പറ്റിയുള്ള ഏതൊരു സൈദ്ധാന്തികപ്രതിനിധാനവും ഈ തീർപ്പില്ലായ്മയെ ആധാരമാക്കണം എന്നതാണ് പ്രസക്തമായ കാര്യം. ഈ തീരുമാനമെടുക്കുന്നതിന്റെ പ്രഭവമെന്തായിരിക്കും? എവിടെ നിന്നാണ് തീർപ്പു കല്പിക്കപ്പെടുന്നത്? അധീശപ്രതികർത്താക്കൾ ആരാണെന്നതനുസരിച്ചാണ് തീരുമാനമെടുക്കപ്പെടുക. മറ്റുള്ളവർക്കുവേണ്ടി അവർ തീരുമാനമെടുക്കും. ഐഡന്റിറ്റി പൊളിറ്റിക്സിന്റെ അപകടം ഇവിടെയാണ്.

## ഐഡന്റിറ്റി പൊളിറ്റിക്സ്

തന്മാരാഷ്ട്രീയം അതിജീവനരാഷ്ട്രീയം എന്ന നിലയ്ക്കാവാം. പുഴയുടെ തീരത്തു താമസിക്കുന്നവർക്ക് മണൽവാരലിന്റെ ഫലമായി കിണറ്റിലെ വെള്ളം വറ്റുന്നത് പ്രശ്നമാണ്. അല്ലെങ്കിലൊരു കമ്പനി വന്ന് വെള്ളമൂറ്റുന്നതിന്റെ ഫലമായി സ്ഥലം വരണ്ടുപോവുന്നു. അപ്പോൾ അതിജീവനത്തിനായി പൊരുതേണ്ടിവരും. ഭൗതികവിഭവങ്ങളുമായി ബന്ധപ്പെട്ടാണിത്. ചിലരെ സംബന്ധിച്ച് ഭൗതികവിഭവം എന്നതുതന്നെ സാംസ്കാരികവിഭവമായിരിക്കും. പാശ്ചാത്യനാഗരികത നമ്മെ വെല്ലുവിളിക്കുകയാണെന്നാണ് മുസ്ലീം തീവ്രവാദികൾ പറയുന്നത്. പാശ്ചാത്യ ജീവിതശൈലി മുസ്ലീം തന്മയെ നശിപ്പിക്കുകയാണ്. അതിലൂടെ നമ്മുടെ നിലനില്പ് അപടകടത്തിലാവുകയാണ്, അതിനെതിരെ സംഘടിക്കണം. ആദ്യത്തെ ലോജിക്കു തന്നെ സാംസ്കാരികവിഭവങ്ങളുടെ കാര്യത്തിൽ പ്രയോഗിക്കുന്നതാണിവിടെ കാണാനാവുന്നത്.

തന്മയെ കേന്ദ്രമാക്കിക്കൊണ്ടുള്ളതാണ് ഐഡന്റിറ്റി പൊളിറ്റിക്സ്. തന്മയെക്കുറിച്ചുള്ള സിദ്ധാന്തം അടിസ്ഥാനമില്ലാത്തതാണ് എന്നാണെന്റെ അഭിപ്രായം. തന്മ എന്നു പറയുന്ന ഒന്നുണ്ടാവില്ല. ഉള്ളത് തന്മയീകരണം (identitisation) എന്ന പ്രക്രിയയാണ്. തന്മയെ ഉണ്ടാക്കുന്ന ഒരു പ്രക്രിയ നടക്കുന്നുണ്ടാവും. അത് രാഷ്ട്രീയമാണ്.

ആദിവാസികളെപ്പോലുള്ള വിഭാഗങ്ങൾക്ക് സാംസ്കാരിക മൂലധനമാണ് ഇല്ലാത്തത്. മുഖ്യധാര വിഭവം എന്നു കരുതുന്നതിന്റെ അഭാവമാണ്, സാംസ്കാരിക വിഭവത്തിന്റെ അഭാവമാണ് അവരുടെ പ്രാന്തവത്കരണത്തിനു ഹേതുവായിത്തീരുന്നത്. ഇപ്പോഴവരെന്താണോ അതാണവരുടെ സാംസ്കാരിക വിഭവം. മുഖ്യധാരാ സമൂഹത്തിൽ ചെലവാകാത്ത വിഭവമാണ് അതെന്നതിനാൽ തന്മാരാഷ്ട്രീയം ഉടലെടുക്കുന്നു. അവരെ സംബന്ധിച്ച് ഈയൊരു മാർഗ്ഗം മാത്രമേയുള്ളൂ. നേരേമറിച്ച് ഇതേപോലുള്ള തന്മ തന്നെയാണ് മുസ്ലീം തീവ്രവാദികൾക്കുമുള്ളത്. ഇസ്ലാമിന്റെ നിലനില്പ് അപകടത്തിലായതിനാൽ പൊരുതേണ്ട സമയമാണ് എന്ന മട്ടിലാണ് ആ രാഷ്ട്രീയം പരക്കുന്നത്. 'സിവിലൈസേഷണൽ ക്ലാഷ്' എന്ന് ബുഷ് അറിയാതെ പറഞ്ഞു പോയതാണ്. ഇതുതന്നെയാണ് ബിൻലാദന് ആവശ്യം.

തന്മ അഥവ ഐഡന്റിറ്റി എപ്പോഴും രാഷ്ട്രീയമാവണമെന്നില്ല എന്നാണ് ഞാൻ പറയുന്നത്. പ്രത്യേക രീതിയിൽ ജീവിക്കുമ്പോൾ നമ്മുടെ ശൈലികൾ, വസ്ത്രധാരണ രീതി, ഭാഷാശൈലി, പാചകസമ്പ്രദായം, വിവാഹബന്ധങ്ങളുടെ മട്ട് തുടങ്ങിയവയിൽ നിന്നൊക്കെ മറ്റുള്ളവർക്കു നമ്മെ തിരിച്ചറിയാൻ സഹായിക്കുന്ന രീതിയിലുള്ള തന്മകൾ കിട്ടുന്നുണ്ട്. അതെപ്പറ്റി രാഷ്ട്രീയമായ സ്വയംബോധം നമുക്കുണ്ടാവണം എന്നു നിർബന്ധമില്ല. ചില കാര്യങ്ങൾ ചില രീതിൽ ചെയ്യുന്നു, അത്രതന്നെ. തന്മയീകരണം എന്ന പ്രക്രിയ വരുമ്പോഴാണ് തന്മ രാഷ്ട്രീയമാവുന്നത്. രാഷ്ട്രീയം എന്നതിന്റെ വ്യാപ്തി വൻതോതിൽ വിപുലമായിക്കൊണ്ടിരിക്കുകയാണ്. ഇതുവരെയും തിട്ടപ്പെടുത്തപ്പെടാത്ത കുറേ മണ്ഡലങ്ങൾ ഫെമിനിസ്റ്റുകൾ രാഷ്ട്രീയത്തിലേക്കു കൊണ്ടുവന്നു. രാഷ്ട്രീയം എന്ന മണ്ഡലം മാറിക്കൊണ്ടിരിക്കും. മാറുന്നത് എല്ലാം സ്വീകാര്യമാണെന്ന് നമ്മൾ വിചാരിക്കേണ്ടതില്ല.

തന്മയീകരണം എന്ന പ്രക്രിയയിൽ പലതും കടന്നുവരാം. നിലനില്പിനുവേണ്ടി ആയിരിക്കും. അതു പക്ഷേ, പ്രശ്നനിർഭരമായ തന്മയീകരണമാവാനിടയുണ്ട്. വളരെ ഹിംസാത്മകവും മറ്റു വിഭാഗങ്ങൾക്കെതിരെയുള്ളതും ആവാം. ആദിവാസിയെ സംബന്ധിച്ച് ആകെയുള്ളത് ഇതാ

ണെന്ന നിലയ്ക്കു മനസ്സിലാക്കാം. അപ്പോൾ അതുതന്നെയാണവരുടെ രാഷ്ട്രീയം. അതിന്റെ പേരിലാണവർ പ്രാന്തവത്കരിക്കപ്പെടുന്നത്. പക്ഷേ, നിലനിർത്തുക എന്ന നിലയ്ക്കും തന്മാരാഷ്ട്രീയം വരാം. അതിനെ നീതീകരിക്കുന്ന സിദ്ധാന്തത്തെ വിമർശനാത്മകമായി നോക്കാനാണു ശ്രമം. രാഷ്ട്രീയതയുടെ മുഹൂർത്തം എന്നതിനോട് ഒരു തരത്തിലുള്ള ഐഡന്റിറ്റി പൊളിറ്റിക്സും നീതി പുലർത്തുന്നില്ല. ഇപ്പോൾ നിലനില്ക്കുന്ന എസ്റ്റാബ്ലിഷ്മെന്റിന്റെയും പരമ്പരാഗതമായ രാഷ്ട്രീയത്തിന്റെയും ഭാഗം തന്നെയാണതും. മുൻകൂട്ടിത്തന്നെ അടച്ചുകളയുന്ന സ്വഭാവമാണതിനുള്ളത്. തീർപ്പു കല്പിക്കാനാവാത്ത മുഹൂർത്തത്തിൽ അസാന്നിദ്ധ്യത്തിന്റെ (vacuum) സാന്നിദ്ധ്യമുണ്ട്. അതു നമ്മൾ ഇല്ലാതെയാക്കുകയാണ്.

കൊളോണിയൽ കാലഘട്ടം മുതൽ തന്മാരാഷ്ട്രീയമാണ് കേരളത്തിലെ സാമൂഹിക വ്യവസ്ഥിതി രൂപപ്പെടുന്നതിലെ പ്രധാനഘടകം. അതിലൂടെ ഉരുത്തിരിഞ്ഞ ചില മൂല്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും നിലവാരങ്ങളുടെയുമൊക്കെ ഇടയിൽ തള്ളപ്പെട്ടു പോയ വിഭാഗങ്ങൾ, ദലിത്, ആദിവാസി വിഭാഗങ്ങൾ ഐഡന്റിറ്റി പൊളിറ്റിക്സ് പറയുമ്പോൾ മാത്രം ഭയപ്പെടുന്നതിലർത്ഥമില്ല. അവരിതുവരെ ഐഡന്റിറ്റി പൊളിറ്റിക്സ് കളിക്കാത്തവരാണ്. അവർ കളിക്കാൻ തുടങ്ങുമ്പോൾ ഭയപ്പെടുന്നതിൽ കാര്യമില്ല. ഞാൻ ആ രീതിയിലല്ല പറയുന്നത്. നമ്മളൊക്കെയും ഐഡന്റിറ്റി പൊളിറ്റിക്സിന്റെ ആളുകളാണ് എന്നാണെന്റെ അഭിപ്രായം. മുസ്ലീം, നായർ, ഈഴവ, ക്രിസ്ത്യൻ ഐഡന്റിറ്റികളൊക്കെ രാഷ്ട്രീയത്തിലും സാമൂഹികവ്യവസ്ഥിതിയുടെ ഇന്നത്തേതുപോലുള്ള നയരൂപീകരണത്തിലും നിയമനിർമ്മാണത്തിലുമൊക്കെ നിർണ്ണായകമായി പങ്കു വഹിച്ചതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൂടെ നിന്നതിനാൽ ദലിതുകളെ സംബന്ധിച്ച് ഇത് കുറേനാൾ നീട്ടിവെക്കപ്പെട്ടു. ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ ആ ഐഡന്റിറ്റി പോളിറ്റിക്സ് സമർത്ഥനം തേടുകയാണ്. നമ്മുടെ പരിശോധനയിലും വിമർശനത്തിലുമൊക്കെ വിവേചനം ആവശ്യമാണ്. ദലിത് രാഷ്ട്രീയത്തിന്റെ കാര്യത്തിൽ, ഭൗതിക വിഭവങ്ങൾ ലഭ്യമാവുന്നത് സാംസ്കാരിക വിഭവങ്ങളാൽ നിർവചിക്കപ്പെടുകയും നിർണയിക്കപ്പെടുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ അതു നിഷേധിക്കപ്പെടുന്നവരുടെ അവസ്ഥയായാണ് ഞാനതിനെ കാണുന്നത്. ആദിവാസികൾ ഭൂമിയില്ലാത്തതു കൊണ്ടുമാത്രമല്ല പ്രാന്തവത്കൃതരാവുന്നത്. സാമൂഹ്യമായും സാംസ്കാരികമായും അവർ തള്ളിമാറ്റപ്പെട്ടിരിക്കുന്നു. ആദിവാസി എന്നത് ഏറ്റവും അഭിലഷണീയമായ ഒരു വാക്കാണ്, ആദ്യം വന്നവർ. മറ്റുള്ളതൊക്കെ പിന്നെ വന്ന വന്തവാസികൾ. അട്ടപ്പാടിയിൽ വന്തവാസി എന്നാണു പറയുന്നത്. വന്ന വാസികൾ എണ്ണത്തിൽ കുറഞ്ഞവരാണ്. ആദിവാസികളെ മോശക്കാരാക്കുന്ന സംസ്കാരം നമുക്കുള്ളതുകൊണ്ട് അവരുടെ രാഷ്ട്രീയത്തിനു പ്രസക്തി കൂടുന്നു.

സത്താപരമായ തന്മാരാഷ്ട്രീയത്തെ വിമർശനാത്മകമായി നോക്കണമെന്ന് പറഞ്ഞു വന്നത്. സംസ്കരണത്തെക്കുറിച്ച് വിശാലമായ സമീപനം സ്വീകരിച്ചു വേണം ഇതു ചെയ്യാൻ. സാമൂഹികജീവിതത്തെ അർത്ഥവത്താക്കുന്ന എല്ലാ മനഃസ്ഥിതി (mentality)യും ചരിത്രപര (arbitrary)മായിരിക്കും. എന്നുവച്ചാൽ മാറ്റിവെക്കാൻ പറ്റുന്നത്. അത് സ്വാഭാവികവും പ്രകൃതിദത്തവുമാണെന്ന മട്ടിലെടുക്കുന്നത് ഭയങ്കരമാണ്. മനഃസ്ഥിതിയിൽ നിന്നാണ് തന്മയുണ്ടാവുക. റാഡിക്കൽ രാഷ്ട്രീയം മനഃസ്ഥിതികളുടെ ആവരണത്തിൽനിന്നു പുറത്തുകടക്കണം. ഒന്നും അനിവാര്യമല്ല, ഉണ്ടാക്കപ്പെട്ടതാണ് എന്നു തിരിച്ചറിയുന്നതിനെയാണ് സ്വയംപ്രതിഫലനം (reflexivity) എന്നു പറയുന്നത്. രാഷ്ട്രീയമാവുന്നതിന്റെ ആദ്യപടിയും പാഠവും തന്നെ ഈ സ്വയംപ്രതിഫലനമാണ്. മനഃസ്ഥിതിയെ മുഴുവനായിത്തന്നെ മാറ്റിനിർത്തണം.

ചരിത്രപരം എന്നു പറയുമ്പോൾത്തന്നെ അതിനു കർത്താക്കൾ ഉണ്ട്. ആരാണ് ഇതിലെ പ്രതികർത്താക്കൾ (agents)? പ്രത്യേക പ്രാർത്ഥനാ സമ്പ്രദായങ്ങൾ ഉണ്ടാക്കുക, വിവാഹബന്ധങ്ങൾ പ്രത്യേക രീതിയിൽ ചിട്ടപ്പെടുത്തുക, പഴയ ശാസ്ത്രങ്ങളിൽനിന്നും ചിലത് തെരഞ്ഞെടുത്ത് സ്ഥാപിച്ചെടുക്കുക തുടങ്ങിയതൊക്കെ സക്രിയമായി നടക്കുന്നതാണ്. സക്രിയരും അധീശത്വമുള്ളവരുമായ കർത്താക്കളാണിതു ചെയ്യുക. സമുദായമൊന്നടങ്കം ഐഡന്റിറ്റി പൊളിറ്റിക്സിൽ ഏർപ്പെടുകയല്ല. പ്രത്യേക പ്രയോഗങ്ങൾ ഉരുവം കൊണ്ടതെങ്ങനെ, അതിന്റെ തുടർച്ച സാധ്യമായതെങ്ങനെ എന്നൊക്കെ സോഷ്യോളജിസ്റ്റുകൾ പഠിച്ചിട്ടുള്ളതാണ്. എങ്ങനെ ഉണ്ടായി എന്നത് അത്ര പ്രധാനമല്ല. പക്ഷേ, എങ്ങനെയാണ് തുടരുന്നത് എന്നത് അതിപ്രധാനമാണ്. അതാണ് രാഷ്ട്രീയം. ആ രാഷ്ട്രീയത്തിൽ ഓരോരുത്തർക്കും വ്യത്യാസമുണ്ട്. എങ്ങനെ എന്തൊക്കെ തെരഞ്ഞെടുക്കാമെന്ന സാധ്യകതളുണ്ട്.

## സ്വയം പ്രതിഫലനം (Reflexivity)

രാഷ്ട്രീയത്തെ ഇങ്ങനെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുമ്പോൾ സമ്പ്രദായികമായ അർത്ഥത്തിൽ അതിനെ കാണാതിരിക്കാനാണ് നാം ശ്രമിക്കുന്നത്. പരമ്പരാഗതമായ ധാരണകൾ പരിവർത്തിപ്പിച്ച വിഷയികളാണ് നമ്മളൊക്കെ. ചരിത്രപരമായി നമ്മെ മാറ്റിത്തീർക്കുന്ന രാഷ്ട്രീയത്തിന്റെ മാറിയ മാനം എന്താണ്? രാഷ്ട്രീയത്തിന്റെ മാനം ജനാധിപത്യപ്രസ്ഥാനങ്ങളിലൂടെയും സാമ്പത്തികവൃത്തികളിലുടെയും മാറിയിട്ടുണ്ട്. പുതിയ വിഷയികൾ സ്വയമാവർത്തിക്കുകയും അന്ധമായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ പക്ഷേ, രാഷ്ട്രീയം എന്ന മുഹൂർത്തം നഷ്ടമാവുന്നു.

ഒരു പ്രത്യേക കാലഘട്ടത്തിലേക്ക് നമ്മൾ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മളെന്താണു ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് കൂടുതൽ കൂടുതൽ സ്വയംപ്രതിഫലനാത്മകമായി നമ്മൾ ചിന്തിക്കുന്നുണ്ട്. ഇവിടെ നമ്മുടെ അന്വേഷണം ഒരു പുതിയ രാഷ്ട്രീയ പദ്ധതിയ്ക്കു രൂപം കൊടുക്കാൻവേണ്ടിയല്ല. രാഷ്ട്രീയപ്രയോഗങ്ങൾ സജീവമായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. അവയെക്കുറിച്ച് സ്വയംപ്രതിഫലനാത്മകമായി നിരീക്ഷിക്കാനുള്ള ഒരിടം കണ്ടെത്തുക സാധ്യമാണോ എന്നാണു നാം നോക്കുന്നത്. ഈ അന്വേഷണത്തിന് അർത്ഥമുണ്ടോ? ഇങ്ങനെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നു വേണമെങ്കിലൊരാൾക്കു സ്ഥാപിക്കാം. ഇങ്ങനെതന്നെയേ പാടുള്ളു എന്ന മുൻവിധി നമുക്കില്ല.

ജീവിതത്തിന് രാഷ്ട്രീയം എന്ന മാനമുണ്ടെങ്കിൽ, പല

കാലഘട്ടങ്ങളിൽ പലതരം ജീവൽ പ്രക്രിയകളുടെ ഫലമായി അതിനു വരുന്ന മാറ്റങ്ങളോട് നമ്മൾ സംവേദനക്ഷമത പുലർത്തുന്നുണ്ടെങ്കിൽ ഇങ്ങനെ പരിശോധിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. നമ്മുടെ ജീവിതത്തെക്കുറിച്ചു മാത്രമല്ല മറ്റുള്ളവരുടെ ജീവിതത്തെക്കുറിച്ചുമാണ് അപ്പോൾ ആലോചിക്കുന്നത്. ലോകത്ത് ഞാൻ നില്ക്കുന്നത് മറ്റൊരാളുമായുള്ള ബന്ധത്തിൽ സമർപ്പണത്തിനു സന്നദ്ധനായാണ്. പ്രശ്നങ്ങൾ അവിടെയുണ്ട്. ഗുരുതരമായ പ്രശ്നങ്ങൾ. എങ്ങനെയാണ് നമ്മൾ അതെടുക്കുന്നത്? എങ്ങനെയാണവയെ മുൻനിർത്തി നമ്മൾ പ്രവർത്തിക്കുന്നത്? എങ്ങനെയാണിതിൽ മറ്റുള്ളവർ ഉൾപ്പെട്ടിരിക്കുന്നത്? ഇതൊക്ക രാഷ്ട്രീയമാണ്. ഇതിൽ അന്തർഭവിച്ച വളരെ സൂക്ഷ്മമായ ഒരു മുഹൂർത്തത്തെയാണ് അതിന്റെ അനുഭവമായെടുക്കുന്നത്. അത് സൈദ്ധാന്തികമായി പ്രതിനിധാനം ചെയ്യാൻ ശ്രമിക്കരുത് എന്നാണു ഞാൻ പറഞ്ഞത്. അതിനർത്ഥം ഇതിൽ സിദ്ധാന്തം വരുന്നില്ലെന്നല്ല. എന്താണ് പ്രശ്നം, ഞാനാരാണ്, എങ്ങനെ മറികടക്കാം തുടങ്ങിയതൊക്കെ സിദ്ധാന്തവത്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യേണ്ടിവരും. അതിൽ ജാഗ്രത ഉണ്ടാവുക എന്നതാണ് പ്രധാനം. കാരണം മറ്റു മനുഷ്യരുടെ ജീവിതം അതിൽ വരുന്നുണ്ട്. അസ്തിത്വപരമായ സമർപ്പണം അവശ്യം ആവശ്യമായതിനാൽ ഉപേക്ഷിക്കാൻ പറ്റില്ല. പക്ഷേ, പ്രതിനിധാന ശ്രമങ്ങളെപ്പറ്റിയുള്ള ജാഗ്രത കൈവെടിയരുത്.

പ്രത്യേക കാലഘട്ടത്തിൽ പുതിയതരം പ്രസ്ഥാനങ്ങൾ ഉയർന്നു വരും എന്നത് പ്രത്യേകിച്ചു പറയേണ്ടതില്ല. എന്താണ് പുതുസാമൂഹ്യപ്രസ്ഥാനം എന്നാൽ? എന്തുകൊണ്ട് നമ്മുടെ ചർച്ച പുതു സാമൂഹ്യപ്രസ്ഥാനങ്ങളെപ്പറ്റിയുള്ള ചർച്ചയായി മാറുന്നു? അതിന്റെ ഉത്തരം അതിൽത്തന്നെയുണ്ട്. രാഷ്ട്രീയത്തിന്റെയും വിഷയിയുടെയും രൂപാന്തരണ (transformation)മാണതിൽ നടക്കുന്നത്. അധികാരഘടനയോടും വ്യവസ്ഥയോടും എത്ര കണ്ട് ഗാഢമായി തന്മയീഭവിക്കുന്നുവോ അത്രയും കുറവായിരിക്കും ഒരാൾക്ക് സ്വയംപ്രതിഫലനപരമായി പരിശോധിക്കാനുള്ള പ്രേരണ. രാഷ്ട്രീയം അയാൾക്കു പ്രശ്നമല്ല. നിങ്ങളുടെ മേഖല അനിയതവും അനിർണ്ണീതവുമാണെങ്കിൽ സ്ഥിതി നേരേ മറിച്ചാവും. എന്താണ് പുതു സാമൂഹ്യപ്രസ്ഥാനം? അതു തന്നെയാണ് രാഷ്ട്രീയം. രാഷ്ട്രീയത്തിന്റെ അർത്ഥത്തിന് രൂപാന്തരണം സംഭവിക്കുകയാണ്. ആളുകൾ രൂപാന്തരണം നേടുന്നുണ്ട് എന്നതിനാലാണ് ഇങ്ങനെയുള്ള പ്രസ്ഥാനങ്ങളുണ്ടാവുന്നത്.

നമ്മൾ എങ്ങനെ ഇങ്ങനെയായി എന്ന ചോദ്യം എല്ലായ്പ്പോഴും ചോദിക്കാവുന്നതാണ്. ഫാഷൻ ആണോ? യുക്തിപരമായി വരിച്ചതാണോ? സംഭവിക്കുന്നുണ്ട് എന്ന തുറപ്പാണ്. മനഃസ്ഥിതി മാറ്റം ചരിത്രപരമായി വരുന്നതിന്റെ ഫലമാണെന്നാണ് ഞാൻ പറയുന്നത്. തികച്ചും യാദൃച്ഛികമായി ഉണ്ടാവുന്നതല്ല. എന്താണ് ചരിത്രപരമായ കാരണം എന്നതിനെക്കുറിച്ച് നിർണ്ണീതമാംവിധം നമുക്കറിയണമെന്നു നിർബന്ധം പിടിക്കേണ്ടതില്ല. രാഷ്ട്രീയ വിഷയിയുടെ രൂപാന്തരണമാണിതെന്നു നമുക്കറിയാം. അല്ലെങ്കിൽ പുതിയ രാഷ്ട്രീയതയുടെ ആവിഷ്കരണം. പലരും ഒരു തരത്തിലുള്ള രാഷ്ട്രീയത്തെക്കുറിച്ചും ഇതുവരെ ചിന്തിക്കാത്തവരാകാം. പുതിയ ആളുകൾ. അവർ പുതിയ രാഷ്ട്രീയത പുനരാവിഷ്ക്കരിക്കുമ്പോൾ വ്യവസ്ഥാപിത രാഷ്ട്രീയക്കാർക്കു വേണമെങ്കിൽ കുറ്റം പറയാം: വേറെന്തൊക്കെയോ ചെയ്തു നടന്നവർ ഇപ്പോൾ വന്നു രാഷ്ട്രീയം പറയുകയാണെന്ന്. ഇവിടെ വീണ്ടും, വ്യവസ്ഥാപിത രാഷ്ട്രീയം പരാജയപ്പെടുകയാണ്, എന്താണു രാഷ്ട്രീയമെന്നു തിരിച്ചറിയുന്നതിൽ. സംവേദനക്ഷമത പോവുകയാണ്. അതേസമയം, പുതുതായി രൂപാന്തരണം പ്രാപിക്കുന്ന ആളുകൾക്കും ഇതേ ബാധ്യതയുണ്ട്. അവരും പരുവപ്പെടാനും രാഷ്ട്രീയമല്ലാതെയാവാനുമുള്ള അപകട സാധ്യതയുണ്ട്. എന്തുകൊണ്ടാണ് പുതു സാമൂഹ്യപ്രസ്ഥാനങ്ങളെപ്പറ്റി അധികം പറയപ്പെടുന്നത്? എന്താണ് രാഷ്ട്രീയമെന്നതിനെക്കുറിച്ച് വളരെയധികം ഉത്കണ്ഠപ്പെടുന്നത് അവയായതിനാൽ. പ്രസ്ഥാനത്തിന് യുവത്വം കൂടുമ്പോൾ അത് സ്വയംപ്രതിഫലനാത്മകത കൂടുതൽ പ്രകടിപ്പിക്കും.

വ്യവസ്ഥയ്ക്കെതിരാണെന്നു സ്വയം കരുതുമ്പോഴും വ്യവസ്ഥ നിങ്ങളെ വെട്ടിപ്പിടിക്കാമെന്ന സാദ്ധ്യതയുണ്ട്. സ്വാംശീകരണത്തിനുള്ള ശേഷി വ്യവസ്ഥയ്ക്കുണ്ട്. മാധ്യമങ്ങളിൽ കൊണ്ടുവന്നും അവാർഡുകളും അംഗീകാരങ്ങളും നല്കിയും നിങ്ങളെ സ്വാംശീകരിക്കാം. നിങ്ങളുടെ ഭാഷ ചിലപ്പോൾ മാറുന്നുണ്ടാവില്ല. പഴയ കാര്യങ്ങൾതന്നെ ഒരു ശീലമെന്നോണം ആവർത്തിക്കുന്നുണ്ടാവാം. നിങ്ങൾ എത്ര പക്വത നേടുന്നോ അത്രയും അരാഷ്ട്രീയമാവും. പക്വതയാർജ്ജിക്കുക എന്നു പറഞ്ഞാലെന്താണ്? Maturity എന്നുവച്ചാൽ less sensitivity യാണ്. കൃഷ്ണമൂർത്തിയൊക്കെ പറയുന്നത് mature is to be sensitive to every moment എന്നാണ്. ഇവിടെ പക്ഷേ, അങ്ങനെയല്ല. സ്വന്തം രാഷ്ട്രീയനിലപാടുകളെപ്പറ്റി കൂടുതൽ കൂടുതൽ വ്യക്തതയുണ്ടാവുക എന്നാൽ വ്യവസ്ഥയിലേക്ക് കൂടുതൽകൂടുതൽ ഉൾച്ചേരുക എന്നാവാം. കുറേ പൈസ തന്നിട്ടു തന്നെയാവണമെന്നില്ല നിങ്ങളെ വ്യവസ്ഥയുടെ ഭാഗമാക്കുന്നത്. പൈസ നിങ്ങൾക്കു വലിയ ആവശ്യമില്ലെന്ന് വ്യവസ്ഥയ്ക്കറിയാം. കീർത്തി തന്നാലോ?

വ്യവസ്ഥയാൽ സ്വാംശീകരിക്കപ്പെടാതെ ശ്രദ്ധിച്ചാൽ മാത്രമേ രൂപാന്തരണം സംഭവിച്ച രാഷ്ട്രീയത്തെ തുടർച്ചയായി നിലനിർത്താനാവൂ. രാഷ്ട്രീയ രൂപാന്തരണമല്ല, രൂപാന്തരണം സംഭവിച്ച രാഷ്ട്രീയം. എന്നുവച്ചാൽ രാഷ്ട്രീയത്തിന്റെ രൂപാന്തരണത്തിന്റെ ഭാഗമായി വന്നിട്ടുള്ള രാഷ്ട്രീയം. അതു നിലനിർത്തണമെങ്കിൽ പുനഃരാവിഷ്കരിക്കേണ്ടതുണ്ട്. ഓരോ പ്രാവശ്യവും reinvent ചെയ്യണം. എന്താണ് പുനരാവിഷ്കരണം എന്നതാണ് പിന്നീടുള്ള ചോദ്യം. വ്യത്യസ്ത പ്രശ്നങ്ങളും പദ്ധതികളും പ്രതിനിധാനങ്ങളും ഉണ്ടാവുക എന്നതല്ല അത്. ഈ മുഹൂർത്തത്തെപ്പറ്റി സ്വയംപ്രതിഫലനം പുലർത്തുക എന്നതാണ്. നേരത്തേ പറഞ്ഞ undecidability നിലനിർത്തുക.

---

ഈ പ്രഭാഷണത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ വരുംലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.